**കൊയിലാണ്ടി മുനിസിപ്പാലിറ്റിയിൽ ആയുർവേദാശുപത്രി ആരംഭിക്കുന്നതിന് നടപടി**

**156 (160)** ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊയിലാണ്ടി മുൻസിപ്പാലിറ്റിയിൽ ഒരു ആയുർവേദാശുപത്രി ആരംഭിക്കേണ്ടത് അത്യാവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവിടെ ഒരു ആയുർവേദ ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടി കൈക്കൊള്ളുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപ്പുസാമ്പത്തികവർഷം പുതിയതായി ആരംഭിക്കാനുദ്ദേശിക്കുന്ന ആയുർവേദ ഡിസ്പെൻസറികൾ എവിടെയൊക്കെ ആയിരിക്കണമെന്ന കാര്യത്തിൽ തീരുമാനം ആയിട്ടില്ല.

**കോട്ടയ്ക്കൽ ആയുർവേദ കോളേജിലേയും ആശുപത്രിയിലേയും നിയമനം**

**157 (161)** ശ്രീ. കടകംപള്ളി സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സർക്കാരിന്റെ പൂർണ്ണ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മലപ്പുറം ജില്ലയിലെ കോട്ടയ്ക്കൽ ആയുർവേദ കോളേജിലെയും ആശുപത്രിയിലെയും നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നില്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിൻമേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഇവിടത്തെ നിയമനങ്ങളെല്ലാം പി.എസ്.സിക്ക് വിട്ടുകൊണ്ട് 1995-ൽ ഉത്തരവിട്ടതിനുശേഷവും കരാർ/ദിവസക്കൂലി/താൽക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുന്നത് നിരുത്സാഹപ്പെടുത്തുമോ ;

(ഡി) പെൻഷൻ പറ്റിയതിന് ശേഷവും പുനർനിയമനം നേടി സർവ്വീസിൽ തുടരുന്നവരായി പ്രസ്തുത ആയുർവേദ കോളേജിൽ ആരെങ്കിലുമുണ്ടോ എന്ന് വ്യക്തമാക്കുമോ ; എങ്കിൽ എത്രപേർ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതി അടിസ്ഥാനരഹിതമാണെന്ന് എക്സിക്യൂട്ടീവ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിയമനങ്ങൾ പി.എസ്.സിക്ക് വിട്ടുകൊണ്ട് 1996-ൽ ഗവേണിംഗ് ബോഡി തീരുമാനമെടുത്തു എങ്കിലും സർവീസ് ചട്ടങ്ങൾ രൂപീകരിക്കുക തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തിയാക്കിയശേഷമേ നിയമനങ്ങൾ പി.എസ്.സി. മുഖേന നടത്തുവാൻ കഴിയുകയുള്ളൂ. ഒഴിവുവരുന്ന തസ്തികകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താല്ക്കാലിക അടിസ്ഥാനത്തിൽ നിയമനം നടത്തുക മാത്രമാണ് ഇപ്പോൾ ചെയ്യാൻ കഴിയുന്നത്.

(ഡി) സർക്കാർ അനുവദിച്ച തസ്തികകളിലൊന്നും പെൻഷൻ പറ്റിയവർക്ക് പുനർനിയമനം നൽകിയിട്ടില്ല.

**മിൽമ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി**

**158 (162)** ഡോ. കെ. സി. ജോസഫ് :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. പി. സി ജോർജ്:
ശ്രീ. ടി. എസ്. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മിൽമ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതേക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ;

(സി) സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചു ;

(ഡി) മിൽമയുടെ സാമ്പത്തിക പ്രതിസന്ധി മൂലം ക്ഷീരകർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ഇ) ഇവ പരിഹരിക്കുന്നതിനായി മിൽമയ്ക്ക് സർക്കാർ വായ്പ ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) എറണാകുളം മേഖലാ യൂണിയൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എറണാകുളം മേഖലാ ക്ഷീരോല്പാദക യൂണിയൻ നേരിടുന്ന സാമ്പത്തികപ്രതിസന്ധിയെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ട്. ഈ പ്രതിസന്ധിക്കുള്ള കാരണങ്ങൾ താഴെ പറയുന്നവയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്.

1. സ്വകാര്യ പാൽക്കച്ചവടക്കാരുടെ കടന്നുകയറ്റം. സ്വകാര്യ പാൽകച്ചവടക്കാർ കുറഞ്ഞ വിലയ്ക്ക് അന്യസംസ്ഥാനങ്ങളിൽ നിന്നും പാൽ കൊണ്ടുവന്ന് മിൽമ വിൽക്കുന്ന വിലയ്ക്ക് തന്നെയും ചിലപ്പോൾ അതിൽ കുറച്ചും വിൽക്കുന്നു. അവർക്ക്

LIBRARY ARCHIVES Kerala Legislative Assembly